# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 865 — 11/3/2015-ൽ മറുപടിക്ക്

## കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറയം ഗോപകുമാർ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അടൂർ നിയോജകമണ്ഡലത്തിലുടനീളം ഉപയോഗ്യമാക്കിയിട്ടുള്ള നിലവിൽ കാലഹരണപ്പെട്ട ആസ്ബസ്റ്റോസ് സിമെന്റ് (AC Pipe) പൈപ്പുകൾ മിക്കപ്പോഴും പൊട്ടുന്നതു കാരണം കുടിവെള്ള വിതരണം മുടങ്ങുകയും പ്രധാന പാതകളുടെ ടാറിംഗിനും മറ്റും കേടുപാടുകൾ സംഭവിച്ച് ഗതാഗതം സ്തംഭിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി ഡക്ടയിൽ അയൺ (DI Pipe) പൈപ്പുകൾ ഇട്ട് ജലവിതരണം കാര്യക്ഷമമാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ; | (ബി) നിലവിൽ പഴകിയ എ.സി പൈപ്പ് മാറ്റി പുതിയ ഡി.ഐ പൈപ്പ് സ്ഥാപിക്കുന്നതിന് മൂന്ന് പ്രവൃത്തികൾക്കായി 11.10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) നിലവിൽ പ്രസ്തുത പ്രവർത്തനത്തിനുള്ള കാലവിളംബം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; | (സി) ഈ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. സാങ്കേതികാനുമതി ലഭിച്ചാലുടൻ തന്നെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. |
| (ഡി) സമയബന്ധിതമായി പ്രസ്തുത നവീകരണം പൂർത്തീകരിക്കുന്നതിന് മതിയായ നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/